**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6512** **10-07-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗക്കാർക്കായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം പിന്നാക്ക വിഭാഗങ്ങൾക്കായി പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ വന്നശേഷം പിന്നാക്ക വിഭാഗ വികസന വകുപ്പ വഴി പിന്നാക്ക വിഭാഗങ്ങൾക്കായി പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നവയാണ്.<br><br>1. മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി. വിഭാഗം വിദ്യാർത്ഥിനികൾക്ക് മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.<br><br>2. ഹയർ സെക്കന്ററി മെറിറ്റ് അവാർഡ് നൽകുന്ന പദ്ധതി.<br><br>3. IELTS/TOEFL/OET/NCLEX തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി.<br><br>4. കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി.<br><br>5. ഇലക്ട്രിക് / സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം.<br><br>6. പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>7. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി.<br><br>8. മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട് നൽകുന്ന പദ്ധതി.<br><br>9. എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. |

ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോര കച്ചവടക്കാർക്കായി ഉണർവ് വായ്പാ പദ്ധതി. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോര/തെരുവ് കച്ചവടം നടത്തുന്നവരുടെ സാമ്പത്തിക പ്രതിസന്ധിക്ക് ചെറിയ തോതിൽ എങ്കിലും പരിഹാരം കാണുന്നതിനുള്ള പദ്ധതിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഈ വായ്പാ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. പരമാവധി വായ്പാ തുക : 50,000/-, പലിശ നിരക്ക് 4%, പ്രായപരിധി 18 – 65, കുടുംബ വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെ.

2. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 60 വയസ് അധികരിക്കാത്ത ലൈസൻസും ബാഡ്ജും ഉള്ള ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇലക്ട്രിക് / സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനും തങ്ങളുടെ പെട്രോൾ വാഹനങ്ങൾ സി.എൻ.ജി. യിലേയ്ക്ക് മാറ്റുന്നതിനുമുള്ള പുതിയ വായ്പാ പദ്ധതിയാണ് ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പാ പദ്ധതി. പരമാവധി വായ്പ തുക : 8,00,000/- പലിശ നിരക്ക് 7% പ്രായപരിധി ; 18-60, കുടുംബ വാർഷിക വരുമാനം : 2,50,000 ൽ താഴെ, അർഹരായ ഗുണഭോക്താക്കൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും സബ്സിഡിയായി വായ്പാ തുകയുടെ 20% (പരമാവധി 1,00,000/- രൂപ) അനുവദിക്കുന്നതാണ്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വന്നിരുന്ന വിവിധ വായ്പാ / വായ്പേതര പദ്ധതികൾക്ക് പുറമേ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. വിദേശ പഠന വായ്പാ പദ്ധതി -- 2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ

പഠനത്തിനായി, വിദ്യാർത്ഥിനികൾക്ക് 3.5 ശതമാനവും വിദ്യാർത്ഥികൾക്ക് 4 ശതമാനവും പലിശ നിരക്കിലും, 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 5 ശതമാനവും വിദ്യാർത്ഥിനികൾക്ക് 4.5 ശതമാനം നിരക്കിലും 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന പദ്ധതി ആരംഭിച്ചു. ടി വായ്പാ പദ്ധതി പ്രകാരം ലക്ഷ്യവിഭാഗത്തിൽപ്പെട്ട 2 വിദ്യാർത്ഥികൾ വിദേശ സർവ്വകലാശാലയിൽ പഠനം ആരംഭിച്ചിട്ടുള്ളതുമാണ്.

2.കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടത്തുന്ന തൊഴിലധിഷ്ഠിത പരിശീലന പദ്ധതി ആവിഷ്കരിച്ചു. ടി പദ്ധതി പ്രകാരം വിവിധ കോഴ്സുകളിൽ പരിശീലനത്തിനായി ചേരുന്ന വിദ്യാർത്ഥികളുടെ പൂർണ്ണമായ കോഴ്സ് ഫീസും, പ്രതിമാസ സ്റ്റൈപന്റും കോർപ്പറേഷൻ നൽകുന്നതാണ്.

3. കോർപ്പറേഷന്റെ സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിലും, തൃശ്ശൂരിലും സബ് ഓഫീസുകൾ ആരംഭിച്ചു. കണ്ണൂർ, പാലക്കാട്, പത്തനംതിട്ട എന്നിവിടങ്ങളിൽ സബ് ഓഫീസുകൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ ലക്ഷ്യം വയ്ക്കുന്നു.

4. 2006 മാർച്ച് 31 വരെ കാലാവധി തീർന്നതും 2023 മാർച്ച് മാസം വരെ കുടിശ്ശികയുള്ളതുമായ വായ്പകളുടെ പലിശയും പിഴപലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കുന്നതിനായുള്ള പദ്ധതിയ്ക്ക് സർക്കാർ അനുമതി ലഭ്യമായതിൻ പ്രകാരം ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.

5. കോർപ്പറേഷനിൽ നിന്നും വായ്പയെടുത്തിട്ടുള്ളവരിൽ മരണപ്പെട്ടുപോയ ഗുണഭോക്താക്കളുടെ വായ്പാ ഫയലിന്മേൽ പലിശ, പിഴപലിശ എന്നിവ ഒഴിവാക്കി വായ്പ തീർപ്പാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.

6. കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളുടെ നിബന്ധനകളും, വ്യവസ്ഥകളും ലഘൂകരിച്ചു.

7. ലക്ഷ്യവിഭാഗത്തിൽപ്പെട്ട കൂടുതൽ ആളുകൾക്ക് കോർപ്പറേഷന്റെ സേവനം ലഭ്യമാക്കുന്നതിനായി വാർഷിക വരുമാന പരിധി 98,000/- രൂപയിൽ നിന്നും 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

8. വളരെ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്ന ഭവന നിർമ്മാണ വായ്പകൾ, വിവാഹം, വ്യക്തിഗത

| | | | |
|---|---|---|---|
| | | | വായ്പകൾ തുടങ്ങിയവയുടെ വായ്പാ തുക വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്കൂൾ ,കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് അറിയിക്കാമോ; | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നവയാണ്.<br><br><u>സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ</u><br><br>1. ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി.<br><br>2. PM-YASASVI Pre-matric Scholarship Scheme for OBC & EBC (60% CSS).<br><br>3. കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി.<br><br>4. ഹയർ സെക്കന്ററി മെറിറ്റ് അവാർഡ് പദ്ധതി.<br><br><u>കോളേജ് വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ</u><br><br>1. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി.<br><br>2. PM-YASASVI Post-matric Scholarship Scheme for OBC & EBC (60% CSS).<br><br>3. മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി. വിഭാഗം വിദ്യാർത്ഥിനികൾക്ക് മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.<br><br>4. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br><br>ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ വായ്പ പദ്ധതി - വിദ്യശ്രീ വായ്പാ പദ്ധതി.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ വിദ്യാഭ്യാസ വായ്പാ പദ്ധതികളും, വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ് ടോപ് വാങ്ങുന്നതിനായി ലാപ് ടോപ് വായ്പാ പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (സി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വെച്ച് പ്രത്യേകമായി വിധവകൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഒരു പദ്ധതി മാത്രമാണ് നടപ്പാക്കുന്നത്.<br><br>"ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി"<br><br>വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി പിന്നാക്ക സമുദായത്തിൽപ്പെട്ട സ്ത്രീകൾക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സ്വയം തൊഴിൽ വായ്പ പദ്ധതി (ന്യൂസ്വർണ്ണിമ).<br><br>കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് / സ്വയം സഹായ സംഘങ്ങൾക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സി.ഡി.എസ്സുകൾ മുഖേന / സന്നദ്ധ സംഘടന / എൻ.ജി.ഒ. മുഖേന മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി.<br><br>കൂടാതെ വനിതകൾക്ക് മറ്റെല്ലാ വായ്പാ പദ്ധതികളും അനുവദിക്കുന്നുണ്ട്.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട യുവതികൾക്ക് വിവാഹാവശ്യത്തിനായി വിവാഹ വായ്പ നൽകി വരുന്നുണ്ട്. |
| (ഡി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് അറിയിക്കാമോ? | (ഡി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പാക്കി വരുന്നത്.<br><br>1. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം.<br><br>2. Career in Private Industry through Public Private Participation Scheme.<br><br>3. അഭിഭാഷക ധനസഹായ പദ്ധതി.<br><br>4. എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി.<br><br>5. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം നൽകുന്ന പദ്ധതി. |

6. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിക്കുള്ള ധനസഹായം നൽകുന്ന പദ്ധതി.

7. പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിക്കുള്ള ധനസഹായം നൽകുന്ന പദ്ധതി.

8. ഇലക്ട്രിക്/ സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം അനുവദിക്കുന്ന പദ്ധതി.

9. പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി.

വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി പിന്നാക്ക വിഭാഗത്തിൽപ്പെട്ട 40 വയസ്സിൽ താഴെയുള്ള പ്രൊഫഷണൽ യോഗ്യത നേടിയ യുവതീയുവാക്കൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ പദ്ധതി (പദ്ധതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും വായ്പാ തുകയുടെ 20% വരെ, പരമാവധി രണ്ട് ലക്ഷം രൂപ എന്ന നിരക്കിൽ സബ്സിഡി ലഭിക്കുന്നതാണ്).

കൂടാതെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പൊതുവായി നടപ്പിലാക്കുന്ന മറ്റ് വായ്പാ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി.

2. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി. നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്നതാണ്.

3. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെട്ടവർക്കും തങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി സുവർണശ്രീ വായ്പാ പദ്ധതി.<br><br>4. താഴ് ന്ന വരുമാനക്കാരായ ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനായി വിവാഹ ധനസഹായ വായ്പ.<br><br>5. നിലവിൽ സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് Business Development വായ്പാ പദ്ധതി.<br><br>6. കെ.എസ്.ബി.സി.ഡി.സി. യിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർത്ഥം നൽകുന്നതിനായി പ്രവർത്തന മൂലധന വായ്പ.<br><br>7. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കായി വ്യക്തിഗത വായ്പാ പദ്ധതി.<br><br>8. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ഗൃഹ പുനരുദ്ധാരണത്തിന് നൽകുന്ന സ്വസ്ഥഗൃഹ വായ്പാ പദ്ധതി.<br><br>9. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ടൂ വീലർ, ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള വാഹന വായ്പാ പദ്ധതി.<br><br>10. ഭവന രഹിതരായ പിന്നാക്ക / മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള എന്റെ വീട് ഭവന നിർമാണ വായ്പാ പദ്ധതി.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം നൽകുന്ന തൊഴിലധിഷ്ഠിത പരിശീലന പദ്ധതിയും, സ്വയം തൊഴിൽ വായ്പാ പദ്ധതിയും കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രൊഫഷണൽ കോഴ്സുകൾ പാസ്സായതും സ്വന്തമായി പ്രാക്ടീസ് ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കുമായി സ്റ്റാർട്ടപ് വായ്പാ പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### 1) മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി. വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്

മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺക്കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാകുക. പ്രതിവർഷം 50,000/- രൂപ നൽകാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ്. 2022-23 മുതൽ പദ്ധതി നടപ്പാക്കി വരുന്നു.

### 2) ഹയർ സെക്കന്ററി മെറിറ്റ് അവാർഡ്

ഹയർ സെക്കന്ററി ഉന്നത വിജയം കരസ്ഥമാക്കിയ ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നല്കുന്നു. ഓരോ അധ്യായന വർഷത്തേയും ഹയർ സെക്കന്ററി പരീക്ഷാ ഫലം അനുസരിച്ച് മികച്ച വിജയം കരസ്ഥമാക്കിയ ആദ്യ 100 പേർക്ക് 10,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതിന് 2022-23 ൽ ആരംഭിച്ച പദ്ധതി. വരുമാന പരിധി 5 ലക്ഷം രൂപ.

### 3). IELTS/TOEFL/OET/NCLEX തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പുതിയ ഘടകം. സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട (OBC) ബി.എസ്.സി. നഴ്സിംഗ് പഠനം പൂർത്തീകരിച്ച് രണ്ട് വർഷം പൂർത്തിയായിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്കും, ബി.എസ്.സി. നഴ്സിംഗ് നാലാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്കും IELTS/TOEFL/OET/NCLEX (International English Language Testing System / Test of English as a Foreign Language / Occupational English Test / National Council Licensure Examination) തുടങ്ങിയ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സുകളുടെ പരിശീലനത്തിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകുന്ന പദ്ധതി 2023-24 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു.

### 4) കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി

സംസ്ഥാനത്തെ സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്ന പദ്ധതി പരിഷ്കരിച്ച കേന്ദ്ര മാനദണ്ഡപ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. ആയതിനാൽ ടി പദ്ധതി പ്രകാരം ഒഴിവാക്കപ്പെട്ട 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 2023-24 മുതൽ നടപ്പാക്കുന്നു. വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലേതിന് സമാനമായി പ്രതിവർഷം 1500/- രൂപ വീതം അനുവദിച്ചു നല്കുന്നു.

### 5) ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾ ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഇന്ധന വിലയിലുണ്ടായ വൻ വർധനവ് അവരുടെ ഉപജീവനത്തെ സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ ന്യൂ ജനറേഷൻ ഇലക്ട്രിക്/സി.എൻ.ജി. വാഹനങ്ങളിലേക്ക് മാറുന്നതിന് അവർക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. ന്യൂ ജനറേഷൻ ഇലക്ട്രിക് /സി.എൻ.ജി. വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന

വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശുപാർശ ചെയ്യുകയും ഈ കോർപ്പറേഷനുകളിൽ നിന്ന് അവർക്ക് വായ്പ നൽകുകയും ചെയ്യുന്നു. 2023-24 മുതൽ പദ്ധതി നടപ്പാക്കി വരുന്നു.

## 6) പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളിൽ ഭൂരിഭാഗവും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ വിപണിയിൽ കടുത്ത മത്സരം നേരിടുന്ന സാഹചര്യമാണുള്ളത്. അവർ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനാണ് ഈ ഘടകം ഉദ്ദേശിക്കുന്നത്. പരമ്പരാഗത ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക. മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമായ കെട്ടിടങ്ങൾ ഉൽപ്പന്നങ്ങളുടെ പ്രദർശന ത്തിനും വിപണനത്തിനും ഉതകുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തി വകുപ്പിൽ വിപണന കേന്ദ്രങ്ങൾ ക്കായി ഉപയോഗിക്കാവുന്നതാണ്. ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായുള്ള സ്റ്റാളുകൾ ആകർഷകമാക്കുക, നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് വാഹന സൗകര്യം ഒരുക്കുക, നിർമ്മാതാക്കളുടെ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുക. ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമാകാത്തത് പദ്ധതിയുടെ പ്രധാന ന്യൂനതയായി തുടരുന്നുണ്ടെങ്കിലും കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം ജില്ലയിൽ World Marketing Shopping Complex ൽ സ്റ്റാൾ പങ്കിടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## 7. ഒ ബി സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

ടി പദ്ധതി പ്രകാരം പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ആരംഭി ക്കുന്നതിന് വായ്പാ സബ്സിഡി അനുവദിക്കുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ സ്വീകരിക്കുകയും അർഹതയുള്ളവർക്ക് വായ്പാ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നു. വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകുന്നു. വരുമാന പരിധി 2.5 ലക്ഷം രൂപ. 2024-25 മുതൽ പദ്ധതി നടപ്പാക്കി വരുന്നു.

## 8. മൊബൈൽ സ്ട്രീറ്റ് വെൻഡിംഗ് കാർട്ട്

സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട വഴിയോര കച്ചവടക്കാർക്ക് പുതിയ മോഡലിലുള്ള വെൻഡിംഗ് കാർട്ടുകൾ നൽകുന്നതിനായി നടപ്പ് വർഷം മുതൽ നടപ്പാക്കുന്ന പദ്ധതി. ഇത്തരത്തിലുള്ള ഒരു കാർട്ടിന് 45000/- രൂപ വില വരുന്നതാണ്. ഒരു വർഷം 45 ലക്ഷം രൂപ വകയിരുത്തിയാൽ 100 പേർക്ക് അനുവദിച്ച് നൽകാൻ സാധിക്കുന്നു. 2024-25 സാമ്പത്തിക വർഷം 2225-03-102-82 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 45,00,000/- രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

## 9. എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ

എഞ്ചിനീയറിംഗ് മേഖലയിൽ കഴിവുതെളിയിക്കുവാൻ ആഗ്രഹിക്കുന്ന പ്രൊഫഷണൽസിന് joint venture രീതിയിൽ സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ബിരുദ പഠനം പൂർത്തിയാക്കിയ 10 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം നൽകുന്നത്. നടപ്പ് വർഷം മുതൽ നടപ്പാക്കുന്നു. 10 പേരടങ്ങുന്ന 25 ഗ്രൂപ്പുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. ഓരോ ഗ്രൂപ്പിലും 80% പേർ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. 2024-25 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 2225-03-102-83 ബഡ്ജറ്റ് ശീർഷകത്തിൽ 250,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

Nawas

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

### ➢ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ

#### 1) ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി. സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി. ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി. സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യഥാക്രമം 750, 900, 1000 എന്ന ക്രമത്തിലാണ് വർഷം തോറും ആനുകൂല്യമനുവദിക്കുന്നത്.

#### 2) PM-YASASVI Pre-matric Scholarship for OBC & EBC (60% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി. സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1500/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രസ്തുത സ്കോളർഷിപ്പ് പരിമിതപ്പെടുത്തുകയും ആയതനുസരിച്ച് 60 : 40 എന്ന ഫണ്ട് പാറ്റേൺ പ്രകാരം ആനുകൂല്യ തുക 4000/- രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വരുമാന പരിധിയിൽ മാറ്റമില്ല.

#### 3) കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി

സംസ്ഥാനത്തെ സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്ന പദ്ധതി പരിഷ്കരിച്ച കേന്ദ്ര മാനദണ്ഡപ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. പദ്ധതി പ്രകാരം ഒഴിവാക്കപ്പെട്ട 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 2023-24 മുതൽ നടപ്പാക്കുന്നു. വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലേതിന് സമാനമായി പ്രതിവർഷം 1500/- രൂപ വീതം അനുവദിച്ചു നല്കുന്നു.

#### 4) ഹയർ സെക്കന്ററി മെറിറ്റ് അവാർഡ്

ഹയർ സെക്കന്ററി ഉന്നത വിജയം കരസ്ഥമാക്കിയ ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നല്കുന്നു. ഓരോ അധ്യായന വർഷത്തേയും ഹയർ സെക്കന്ററി പരീക്ഷാ ഫലം അനുസരിച്ച് മികച്ച വിജയം കരസ്ഥമാക്കിയ ആദ്യ 100 പേർക്ക് 10,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതിന് 2022-23 ൽ ആരംഭിച്ച പദ്ധതി. വരുമാന പരിധി 5 ലക്ഷം രൂപ.

### ➢ കോളേജ് വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ

#### 1. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി.(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപന

ങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി. ക്ക് തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു

## 2) PM-YASASVI Post-matric Scholarship for OBC & EBC (60% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയിരുന്ന പദ്ധതിയാണ് ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം ടി പദ്ധതി പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 ആക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## 3) മാതാവോ പിതാവോ രണ്ട്പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി. വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്

മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാകുക. പ്രതിവർഷം 50,000/- രൂപ നൽകാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ്.

## 4) ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ / എഞ്ചിനീയറിങ് / പ്യൂവർ സയൻസ് / അഗ്രികൾച്ചർ / മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. വർഷം തോറും ശരാശരി 20 പേരെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

Nawas

സെക്ഷൻ ഓഫീസർ

## അനുബന്ധം - 3

## ഒ ബി സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

ടി പദ്ധതി പ്രകാരം പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വായ്പാ സബ്സിഡി അനുവദിക്കുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ സ്വീകരിക്കുകയും അർഹതയുള്ളവർക്ക് വായ്പാ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നു. വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകുന്നു. വരുമാന പരിധി 2.5 ലക്ഷം രൂപ.

Nawas

സെക്ഷൻ ഓഫീസർ

## അനുബന്ധം - 4

### 1) എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഉപഘടകങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു

### a) മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി

മെഡിക്കൽ / എഞ്ചിനിയറിങ് എൻട്രൻസ്, ബാങ്കിങ് സർവ്വീസ്, സിവിൽ സർവ്വീസ്, UGC/NET/JRF, GATE/MAT,IELTS/TOEFL/OET/NCLEX തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- |
| IELTS/TOEFL/OET/NCLEX | 2.5 ലക്ഷം | - | - | 14000/- |

### b) ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം, ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.

### 2. Career in Private Industry through Public Private Participation Scheme.

ഓട്ടോമൊബൈൽ, ട്രാവൽ ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപ്പന്റും പരിശീലനാർത്ഥികൾക്ക് നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ ഏജൻസി നൽകുന്നുവെന്ന് ഉറപ്പാക്കണം. പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000/- രൂപ വീതം പരമാവധി 10 മാസത്തേക്ക് നൽകുന്നു.

### 3. അഭിഭാഷക ധനസഹായ പദ്ധതി

അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത ഒ.ബി.സി. നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12,000/- രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ആരംഭത്തിൽ 7500/- രൂപ ആയിരുന്നത് 2017 മുതൽ 12000/- രൂപയാക്കി വർദ്ധിപ്പിച്ചു. വരുമാന പരിധി 1 ലക്ഷം രൂപ.

## 4. എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി

എഞ്ചിനീയറിംഗ് മേഖലയിൽ കഴിവുതെളിയിക്കുവാൻ ആഗ്രഹിക്കുന്ന പ്രൊഫഷണൽസിന് Joint Venture രീതിയിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ബിരുദ പഠനം പൂർത്തിയാക്കിയ 5 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം നൽകുന്നത്. നടപ്പ് വർഷം മുതൽ നടപ്പാക്കുന്നു. 5 പേരടങ്ങുന്ന 25 ഗ്രൂപ്പുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. ഓരോ ഗ്രൂപ്പിലും 80% പേർ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ഓരോരുത്തരുടെയും കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയിൽ കൂടരുത്. 2024-25 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 2225-03-102-83 ബഡ്ജറ്റ് ശീർഷകത്തിൽ 2,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

## 5) പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം നൽകുന്ന പദ്ധതി

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ടൂൾകിറ്റ് നൽകുന്നതിനുള്ള പദ്ധതിയാണിത്. പരമാവധി 20,000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുൻഗണനാ പട്ടിക പ്രകാരം വകുപ്പുകളുമായി കരാറിലേർപ്പെടുന്ന ഗുണഭോക്താക്കൾക്ക് 10,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി ആനുകൂല്യം വിതരണം ചെയ്യുന്നു.

## 6) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിക്കുള്ള ധനസഹായം നൽകുന്ന പദ്ധതി

സംസ്ഥാനത്തെ പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി പരമാവധി 50,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

## 7) പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിക്കുള്ള ധനസഹായം നൽകുന്ന പദ്ധതി

സംസ്ഥാനത്തെ പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർ ഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000/- രൂപ വരെ വിവിധ ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

## 8) ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം അനുവദിക്കുന്ന പദ്ധതി

ഇലക്ട്രിക് / സി.എൻ.ജി. വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ ഒ.ബി.സി. വിഭാഗങ്ങൾക്ക് സബ്സിഡി നൽകുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ ക്ഷണിച്ച് വായ്പ അനുവദിക്കുന്നു. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.

9) **<u>പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി</u>**

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള പദ്ധതി. ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക.

സെക്ഷൻ ഓഫീസർ

(